**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 7806 23.07.2012-ൽ മറുപടിയ്ക്ക്

## നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) എൻ.സി.ആർ.ബി.യുടെ പുതിയ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) എൻ.സി.ആർ.ബി.യുടെ പുതിയ റിപ്പോർട്ട് (ക്രൈം ഇൻഡ്യ 2011) വെബ്സെറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് പരിശോധിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ പകർപ്പ് www.ncrb.nic.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ബുക്ക് രൂപേണയുള്ള റിപ്പോർട്ടിന്റെ പ്രസിദ്ധീകരണം ഇതുവരെ ലഭ്യമായിട്ടില്ല. |
| (ബി) ഈ റിപ്പോർട്ടിൽ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണെന്ന് വെളിപ്പെടുത്തിയിട്ടുണ്ടോ; | (ബി) നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ അനുസരിച്ച് IPC പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ ജനസംഖ്യാനുപാധികമായി 2011 ൽ കേരളം ഒന്നാം സ്ഥാനത്തും Special and Local Law പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ ജനസംഖ്യാനുപാധികമായി 5 -ാം സ്ഥാനത്തായുമാണ് കാണുന്നത്.<br>കേരളത്തിലുള്ള വർദ്ധിച്ച നിയമ സാക്ഷരത, താരതമ്യേന പോലീസ് സ്റ്റേഷനിലേയ്ക്കുള്ള ദൂരക്കുറവ്, പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകുവാനുള്ള എളുപ്പം, ജന സൗഹൃദ പോലീസ് സംവിധാനം, ജനങ്ങളുടെ വർദ്ധിച്ച രാഷ്ട്രീയ അവകാശബോധം എന്നിവ കാരണം കേരളത്തിൽ ഉണ്ടാകുന്ന ചെറിയ കുറ്റകൃത്യങ്ങൾ പോലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പോലീസിൽ റിപ്പോർട്ട് ചെയ്യപ്പെടുകയും അതിൻമേൽ കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നതിനാലാണ് IPC പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ ജനസംഖ്യാനുപാധികമായി 2011 ൽ അഖിലേന്ത്യ തലത്തിൽ സംസ്ഥാനം മുൻനിരയിലായത്. എന്നാൽ കേരളത്തിൽ ഗുരുതര കുറ്റകൃത്യങ്ങളായ കൊലപാതകം, |

കൊലപാതക ശ്രമം, കൊലപാതകമല്ലാത്ത നരഹത്യ, തട്ടി കൊണ്ട് പോകൽ,കവർച്ച, മോഷണം, കലാപങ്ങൾ, തീവയ്പ്പ്, സ്ത്രീധന പീഡന മരണം എന്നിവയുമായി ബന്ധപ്പെട്ട രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറവായാണ് പ്രസ്തുത റിപ്പോർട്ടിൽ കാണുന്നത്.

(സി) ദേശീയ തലത്തിൽ ഏറ്റവും സുരക്ഷിതത്വം കുറഞ്ഞ നഗരം കൊച്ചിയാണെന്ന് ഈ റിപ്പോർട്ടിൽ വെളിപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(സി) ദേശീയ തലത്തിൽ ഏറ്റവും സുരക്ഷിതത്വം കുറഞ്ഞ നഗരം കൊച്ചിയാണെന്ന് റിപ്പോർട്ടിൽ വെളിപ്പെടുത്തിയിട്ടില്ല. ജനസംഖ്യാനുപാധികമായി IPC കുറ്റകൃത്യങ്ങളുടെ എണ്ണം കണക്കാക്കുമ്പോഴാണ് റാങ്കിംഗിൽ മറ്റു നഗരങ്ങളെ അപേക്ഷിച്ച് ഒന്നാം സ്ഥാനത്തായി രേഖപ്പെടുത്തിയിരിക്കുന്നത്. ഇവ പരിശോധിച്ചാൽ ഇത്തരം കേസുകളിൽ ബഹുഭൂരിപക്ഷവും പോലീസ് സ്വമേധയാ എടുക്കുന്ന കേസുകൾ ഉൾപ്പെടെയുള്ള ട്രാഫിക് കേസുകളും വാഹനാപകട കേസുകളുമാണ്. ട്രാഫിക് സംബന്ധമായ കേസുകളിൽ ബഹു. കോടതിയുടെ ഉത്തരവ് മൂലം മോട്ടോർ വെഹിക്കൾ ആക്ട് സെക്ഷൻ 184 ന് പകരം 279 IPC (Rash and negligent driving) പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതിനാൽ വൻവർദ്ധനവാണ് IPC വിഭാഗത്തിൽ 2011 ൽ ഉണ്ടായിട്ടുള്ളത്. 2011 ൽ കൊച്ചി നഗരത്തിൽ രജിസ്റ്റർ ചെയ്ത IPC കേസുകൾ 34658 ആണ്. ഇതിൽ 26606 കേസുകൾ സെക്ഷൻ 279 IPC പ്രകാരവും 2852 കേസുകൾ സെക്ഷൻ 283 IPC (Traffic obstruction) പ്രകാരവും രജിസ്റ്റർ ചെയ്തതാണ്. അപകടങ്ങൾ കുറയ്ക്കുന്നതിനും അതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തടയുന്നതിനുമാണ് ഇത്തരം കേസുകൾ രജിസ്റ്റർ ചെയ്യുന്നത് . IPC വിഭാഗത്തിൽ 1743 കേസുകൾ വഹനാപകടങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്തതാണ്.

സെക്ഷൻ ഓഫീസർ